## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല – പുറക്കാട് ഗ്രാമപഞ്ചായത്ത് - 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6- പ്രകാരം തടസ്സപ്പെടുത്തിയ 24995/-രൂപയുടെയും 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 - പ്രകാരം തടസ്സപ്പെടുത്തിയ 1,45,618/- രൂപയുടെയും ചെലവുകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ) നം. 2170/2016 തസ്വഭവ. തിരുവനന്തപുരം, തീയതി:19/07/2016**

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 15/07/2015 തീയതിയിലെ എം3-21844/2015, 31/08/2015-ലെ 11029/15 എന്നീ നമ്പർ കത്തുകൾ

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കെ.എസ്.എ 27/01/2016 തീയിതിയിലെ KSA 12771/PT1/2015, KSA 14103/PT1/2015 നമ്പർ കത്തുകൾ .

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2009-2010 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-6 പ്രകാരം പട്ടികവർഗ്ഗവിഭാഗക്കാർക്ക് പോഷകാഹാരവിതരണത്തിനുള്ള പദ്ധതിപ്രകാരം ചെലവുചെയ്ത 24,995/-രൂപയും (ഇരുപത്തിനാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-9 പ്രകാരം വായനശാലകൾക്ക് പ്രസിദ്ധീകരണങ്ങളും രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റും വിതരണം ചെയ്യുന്നതിനുള്ള പദ്ധതിപ്രകാരം ചെലവുചെയ്ത 1,45,618/-രൂപയും (ഒരു ലക്ഷത്തി നാൽപത്തിയഞ്ചായിരത്തി അറുനൂറ്റിപതിനെട്ട് രൂപ മാത്രം) ആഡിറ്റ് തടസ്സപ്പെടുത്തുകയും നഷ്ടതുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 05-02-2015 ലെ I(21)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, 29-08-2014 ലെ III(5)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് അസിസ്റ്റന്റ് ഡയരക്ടർ മുഖേന പരാമർശം(1)പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക അധികം ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.ഖണ്ഡിക 3-6 പ്രകാരം പട്ടികവർഗ്ഗവിഭാഗക്കാർക്കായി നടപ്പിലാക്കിയ പദ്ധതികൾ പഞ്ചായത്ത് രാജ് ചട്ടപ്രകാരമുള്ള പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റാൻ സഹായിച്ചിട്ടുണ്ട് എന്നും 3-6, 3-9 എന്നീ ഖണ്ഡികകളിൽ പരാമർശിക്കുന്ന പദ്ധതികൾ പ്രയോജനപ്രദവും അനിവാര്യവുമാണെന്ന് കമ്മിറ്റിക്ക് ഉത്തമബോധ്യമുള്ളതായും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2)പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ 3-6, 3-9 എന്നീ ഖണ്ഡികകൾ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഖണ്ഡിക 3-6 പ്രകാരം പട്ടികവർഗ്ഗവിഭാഗക്കാർക്കായി നടപ്പിലാക്കിയ പദ്ധതി പഞ്ചായത്ത് രാജ് ചട്ടപ്രകാരമുള്ള പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റാൻ സഹായിച്ചിട്ടുണ്ട് എന്നും 3-6, 3-9 എന്നീ ഖണ്ഡികകളിൽ പരാമർശിക്കുന്ന പദ്ധതികൾ പ്രയോജനപ്രദവും അനിവാര്യവുമാണെന്ന് കമ്മിറ്റിക്ക് ഉത്തമബോധ്യമുള്ളതായും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിനടത്തിപ്പിൽ മറ്റു യാതൊരു അപാകതയും ആഡിറ്റ് കണ്ടെത്തിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2009-2010 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-6 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 24995/-രൂപ (ഇരുപത്തിനാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം), 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-9 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 1,45,618/-രൂപ (ഒരു ലക്ഷത്തിനാൽപത്തിയഞ്ചായിരത്തിഅറുന്നൂറ്റിപതിനെട്ട് രൂപ മാത്രം) എന്നീ തുകകളുടെ ചെലവിന് സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

ഷിബു. എ.ടി,
**അണ്ടർ സെക്രട്ടറി**

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പുറക്കാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
വെബ്&ന്യൂ മീഡിയ,പബ്ലിക് റിലേഷൻ വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ